പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2552 18.06.2014 -ലെ മറുപടിക്ക്

ആരോഗ്യ ഇൻഷ്വറൻസ് - ചിറ്റ്സ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള: | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ ഇൻഷ്വറൻസ് - ചിറ്റ്സ് പദ്ധതിയിൽ നിലവിൽ ഏതെല്ലാം ജനവിഭാഗങ്ങളാണ് ഉൾപ്പെടുന്നത് ; പ്രസ്തുത പദ്ധതി വഴി നല്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ; വിശദീകരിക്കാമോ ; | (എ) ആരോഗ്യ ഇൻഷ്വറൻസ് - ചിസ് പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിന് അർഹരായ വിഭാഗങ്ങളുടെ പട്ടിക അനുബന്ധം-1ആയി ചേർത്തിരിക്കുന്നു. പ്രസ്തുത പദ്ധതി വഴി നല്കുന്ന ആനുകൂല്യങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |
| (ബി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ ; | (ബി) തൊഴിലുറപ്പ് പദ്ധതിയിൽ 15 ദിവസമെങ്കിലും തൊഴിൽ ചെയ്യുവർ, വഴിയോര കച്ചവടക്കാർ, വീട്ടുജോലിക്കാർ, ബീഡി തൊഴിലാളികൾ, പാറമട തൊഴിലാളികൾ, ആക്രി പെറുക്കുന്നവർ, ശുചീകരണ തൊഴിലാളികൾ, റിക്ഷാ വലിക്കുന്നവർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 15 ദിവസമെങ്കിലും തൊഴിൽ ചെയ്യുവർ, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, മത്സ്യ തൊഴിലാളികൾ, തിരഞ്ഞെടുക്കപ്പെട്ട ക്ഷേമനിധി ബോർഡുകളിലെ അംഗത്വം/ പെൻഷൻ വാങ്ങുന്നവർ, വികലാംഗർ, ആശ്രയകുടുംബങ്ങൾ, റേഷൻ കാർഡിൽ 600 രൂപയോ അതിൽ താഴെയോ മാസവരുമാനം രേഖപ്പെടുത്തിയവർ തുടങ്ങി 60 വിഭാഗങ്ങൾക്കാണ് നിലവിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്. |
| (സി) അംഗത്വമെടുക്കാനുള്ള വരുമാന പരിധി നിലവിൽ എത്രയാണ് ; കാലാനുസൃതമായി വരുമാനപരിധി ഉയർത്താൻ നടപടി സ്വീകരിക്കുമോ ? | (സി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിനുള്ള നിലവിലെ വരുമാന പരിധി റേഷൻ കാർഡിൽ 600 രൂപയാണ്. മേൽ പരിധി ഉയർത്തുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം – I

| ക്രമ നം. | വിഭാഗം |
|---|---|
| 1 | വഴിയോര കച്ചവടക്കാർ (Street Vendors) |
| 2 | വീട്ടുവേലക്കാർ (Domestic Workers) |
| 3 | ബീഡി തൊഴിലാളികൾ |
| 4 | ആക്രി / പാഴ് വസ്തുക്കൾ ശേഖരിക്കുന്നവർ |
| 5 | ശുചീകരണ തൊഴിലാളികൾ |
| 6 | പാറമടത്തൊഴിലാളികൾ |
| 7 | റിക്ഷ വലിക്കുന്നവർ |
| 8 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷം 15 ദിവസമെങ്കിലും തൊഴിൽ ചെയ്തവർ MGNREGS |
| 9 | പട്ടികവർഗ്ഗം |
| 10 | പട്ടികജാതി |
| 11 | മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 12 | മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 13 | മറ്റു മത്സ്യ തൊഴിലാളികൾ |
| 14 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ വാങ്ങുന്നവർ |
| 15 | കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 16 | കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 17 | ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 18 | ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 19 | കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 20 | കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 21 | തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 22 | തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 23 | കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 24 | കയർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 25 | ഈറ്റ-പനമ്പ്-കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 26 | ഈറ്റ-പനമ്പ്-കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 27 | ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 28 | ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 29 | അലക്ക് തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾ |
| 30 | അലക്ക് തൊഴിലാളി ക്ഷമപദ്ധതിയിലെ പെൻഷൻകാർ |
| 31 | ബാർബർ/ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾ |
| 32 | ബാർബർ/ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമപദ്ധതിയിലെ പെൻഷൻകാർ |
| 33 | കൈത്തൊഴിലാളി/വിദഗ്ദ തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾ |
| 34 | കൈത്തൊഴിലാളി/വിദഗ്ദ തൊഴിലാളി ക്ഷേമപദ്ധതിയിലെ പെൻഷൻകാർ |
| 35 | 2008 -ലെ അൺഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീമിലെ പെൻഷൻകാർ |
| 36 | ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 37 | കള്ളുചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 38 | അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 39 | മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 40 | ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 41 | കേരള ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ |
| 42 | കേരള ലോട്ടറി ഏജന്റ്സ് & സെല്ലേഴ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻകാർ |
| 43 | ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത പാവപ്പെട്ട തൊഴിലാളികൾ/സ്വയം തൊഴിൽ ചെയ്യുന്നവർ |
| 44 | കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അംഗങ്ങൾ |
| 45 | കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അംഗങ്ങൾ |
| 46 | ടാക്സി ഡ്രൈവർമാർ |
| 47 | വികലാംഗർ ഉൾപ്പെടുന്ന പാവപ്പെട്ട കുടുംബങ്ങൾ |

| | |
|---|---|
| 48 | ആശ്രയ കുടുംബങ്ങൾ |
| 49 | അംഗനവാടി വർക്കേഴ്സ്/ ഹെൽപ്പേഴ്സ് |
| 50 | എൻഡോസൾഫാൻ ദുരന്ത ബാധിതർ |
| 51 | ആശ വർക്കേഴ്സ് |
| 52 | കണ്ണൂർ കന്റോൺമെന്റിലെ പാവപ്പെട്ട തൊഴിലാളികൾ |
| 53 | വിധവ പെൻഷൻ ലഭിക്കുന്നവർ |
| 54 | മറ്റു സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർ |
| 55 | വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നവർ |
| 56 | അഗതി മന്ദിരങ്ങളിലെ അന്തേവാസികൾ |
| 57 | റെയിൽവേ പോർട്ടർമാർ (LCP) |
| 58 | ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ |
| 59 | 600 രൂപയോ അതിൽ താഴെയോ റേഷൻകാർഡിൽ മാസവരുമാനം രേഖപ്പെടുത്തിയവർ |
| 60 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ |

Deepa
സെക്ഷൻ ഓഫീസർ

അനുബന്ധം - 2

## സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി ആനുകൂല്യങ്ങൾ

30 രൂപയ്ക്ക് 30,000 രൂപ വരെയുള്ള കാഷ്‌ലെസ് ചികിത്സാ ആനുകൂല്യം.

അംഗത്വം നേടുമ്പോൾ ലഭിക്കുന്ന സ്മാർട്ട് കാർഡ് ഉപയോഗിച്ച് പദ്ധതി അംഗങ്ങളായ രാജ്യത്തെ പന്ത്രണ്ടായിരം ആശുപത്രികളിൽ നിന്നും ആർഎസ്ബിവൈ ചികിത്സാ ആനുകൂല്യം ലഭിക്കുന്നതാണ്.

ചിസ് പ്ലസ് പദ്ധതിയിലൂടെ ഗുരുതരമായ രോഗങ്ങൾക്ക് 70,000 രൂപയുടെ അധിക ചികിത്സാസഹായം.

ആർഎസ്ബിവൈ കാർഡിലെ അംഗങ്ങളായ കുടുംബനാഥനോ നാഥയോ മരണപ്പെട്ടാൽ രണ്ടു ലക്ഷം രൂപയുടെ അപകടമരണ ധനസഹായം

ജനറൽ വാർഡിൽ കിടത്തി ചികിത്സയ്ക്കുള്ള ആനുകൂല്യമാണ് ലഭിക്കുന്നത്. എന്നാൽ കിമോതെറാപ്പി, ഡയാലിസിസ്, തിമിര ശസ്ത്രക്രിയ എന്നിവയ്ക്കും ആനുകൂല്യം ലഭിക്കുന്നതാണ്.

ഡിസ്ചാർജ് ആകുന്ന വേളയിൽ യാത്രാപടിയായി 100 രൂപയും അഞ്ച് ദിവസത്തേക്കുള്ള സൗജന്യ മരുന്നും ലഭിക്കുന്നതാണ്.

Deepa
സെക്ഷൻ ഓഫീസർ